പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 751

07/02/2013-ൽ മറുപടിയ്ക്കു്

**ശബരിമല മാസ്റ്റർ പ്ലാൻ**

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ

**ശ്രീ. പി.സി. വിഷ്ണുനാഥ്**

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**

ശ്രീ. പാലോട് രവി

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,

**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.**

| | | | |
|---|---|---|---|
| എ) | 'ശബരിമല മാസ്റ്റർ പ്ലാൻ' നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ **എടുത്തിട്ടുണ്ട്; വിശദമാക്കുമോ ;** | എ) | ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് ബഹു. കേരള ഹൈക്കോടതി രൂപവൽക്കരിച്ച ഹൈപവർ കമ്മിറ്റി, തിരുവിതാംകൂർ ദേവസ്വം ബോർഡ്, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂട്ടായി നടപടികൾ സ്വീകരിച്ചുവരുന്നു. മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പദ്ധതികൾ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ മുൻഗണനാക്രമം അനുസരിച്ച് നടപ്പാക്കിവരുന്നു. |
| ബി) | **ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ** ഏതൊക്കെ **നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്;** വിശദാംശങ്ങൾ **എന്തെല്ലാം;** | ബി) | **ബെയ്‌ലി പാലവും അപ്രോച്ച് റോഡും, ശബരി പീഠത്തിനും മരക്കൂട്ടത്തിനുമിടയ്ക്ക് ക്യൂ കോംപ്ലക്സ്, സ്വാമി അയ്യപ്പൻ റോഡ്** പുനഃരുദ്ധാര പ്രവർത്തനം, നിലയ്ക്കലിൽ പാർക്കിംഗ് **ഗ്രൗണ്ടുകൾ, നിലയ്ക്കലിൽ ഹൈ മാസ്റ്റ് ലൈറ്റ്, പമ്പ മുതൽ** മരക്കൂട്ടം വരെ നടപ്പന്തൽ, സന്നിധാനത്ത് അയ്യപ്പ **ഭക്തന്മാർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമായി** 6,67,120 സ്ക്വയർ ഫീറ്റ് സ്ഥലം പുതുതായി ഒരുക്കി ടൈൽ പാകുക എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| സി) | കഴിഞ്ഞ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടായിരുന്നു; വിശദമാക്കുമോ ; | സി) | കഴിഞ്ഞ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിന് എല്ലാ വർഷവും ചെയ്യുവരുന്ന അറ്റകുറ്റപ്പണികൾക്കു പുറമേ ശബരിമല, പമ്പ തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം മാതാ അമൃതാനന്ദമയി മഠം, അയ്യപ്പസേവാ **സംഘം തുടങ്ങിയ സന്നദ്ധ സംഘടനകളുടേയും വിവിധ സർക്കാർ വകുപ്പുകളേയും ഏകോപിപ്പിച്ചുകൊണ്ട്** ഉത്സവം തുടങ്ങുന്നതിന് മുൻപായി നിർവ്വഹിച്ചു. സ്വാമി അയ്യപ്പൻ റോഡ് പുനഃരുദ്ധരിച്ച് തീർത്ഥാടനം സുഗമമാക്കി. **ഈ സീസണിൽ കഴുതകളെ നിരോധിച്ചതു വഴി പൊതു ശുചിത്വം കൂടുതൽ മെച്ചപ്പെടുത്തുവാൻ സാധിച്ചു.** |

പ്രസാദ വിതരണം സുഗമമായി നടത്തുന്നതിനും തീർത്ഥാടന പാതയിൽ ഉടനീളം ശുദ്ധജലവും ലഘുഭക്ഷണവും നൽകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി. തീർത്ഥാടകർക്ക് മുഴുവൻ സമയവും അന്നദാനം നൽകുവാൻ നടപടി സ്വീകരിച്ചു, മകരജ്യോതി ദർശനത്തിനായി കൂടുതൽ സ്ഥല സൗകര്യങ്ങൾ ഉണ്ടാക്കി കൂടാതെ തിരക്കേറിയ സമയങ്ങളിൽ പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| ഡി) | തീർത്ഥാടനകാലത്തെ സുരക്ഷ ഉറപ്പാക്കുന്നതിന് , 'സേഫ്റ്റി മാന്വൽ' പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) | സേഫ്റ്റി മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും തീർത്ഥാടനത്തോടനുബന്ധിച്ച് നടപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ